# ബൾഗേറിയയിൽ പരി. യാക്കോബായ സഭക്ക് പുതിയ കോൺഗ്രിഗേഷൻ

വർണ്ണ: മെഡിക്കൽ വിദ്യാഭ്യാസത്തിനായി കഴിഞ്ഞ കുറെ വർഷങ്ങളിലായി ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നും അനേകം മലയാളി വിദ്യാർഥികൾ ബൾഗേറിയയിലെ വിവിധ ഇടങ്ങളിലായി എത്തികൊണ്ടിരിക്കുന്നു. പ്രധാനമായും വർണ്ണ, സോഫിയ, പ്ലോവ്തിഫ്, പ്ളവൻ, തുടങ്ങിയ സിറ്റികളിലായിട്ടാണ് കൂടുതൽ വിദ്യാർഥികൾ താമസിച്ച് പഠനം നടത്തി കൊണ്ടിരിക്കുന്നത്.

ഇപ്രകാരം പഠനങ്ങൾക്കായി കടന്നു വരുന്ന വിദ്യാർഥികളുടെ ആത്മീയ കാര്യങ്ങൾ പുഷ്ടിപ്പെടുത്തി, പ്രാർത്ഥിക്കുവാനും ആരാധിക്കുവാനും ഒത്തുചേരുവാനും സാധിക്കുന്ന വിധത്തിൽ പരി. മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയുടെ യൂറോപ്പ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ഇടവക മെത്രാപ്പോലിത്ത അഭി. ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് തിരുമേനിയുടെ ആത്മീയ വീക്ഷണവും നേതൃത്വവും ഓരോ കൂട്ടായ്മകൾക്കും ശക്തിയും ഊർജ്ജവും പകർന്നു നൽകുന്നു.



ഇതനുസരിച്ച് ബൾഗേറിയയിൽ 2022 മാർച്ച് 12 ന് ശനിയാഴ്ച വർണ്ണയിലുള്ള ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ഓഫ് ദി വിർജിൻ മേരി പള്ളിയിൽ വിയന്ന സെൻറ് മേരീസ് പള്ളിയുടെ വികാരി ജോഷി വെട്ടിക്കാട്ടിൽ അച്ചൻറെ നേതൃത്വത്തിൽ വി. കുർബാനയും തുടർന്ന് "പ്രതിസന്ധികളുടെ നടുവിൽ ദൈവാശ്രയത്വം" എന്ന വിഷയത്തിൽ സെമിനാറും നടത്തുകയുണ്ടായി. അൻപതിനുമുകളിൽ യുവതിയുവാക്കൾ ഇതിൽ സംബന്ധിക്കകയുണ്ടായി.

സോഫിയയിൽ പഠിച്ചുകൊണ്ടിരിക്കുന്ന ആൽബിൻ ജേക്കബ് ആണ് വിദ്യാർഥികളെ കൂട്ടിചേർക്കുന്നതിനും അതോടൊപ്പം വി. കുർബാനയ്ക്ക് വേണ്ട എല്ലാ കാര്യങ്ങളും ക്രമീകരിച്ചത്. അതോടൊപ്പം Ammanuvel Alias, Kiran John, Joel V George, Christin John എന്നിവർ മദ്ബഹായിലെ ശുശ്രൂഷകൾക്ക് സഹായകമേകി. അതോടൊപ്പം ആരാധനകൾക്ക് പാട്ടുകൾ പാടുന്നതിനായി Aliza Alias, Abel George, Ann Maria Jees, Akhitha Baiji, Jerin Jolly Kuriakose, Gloriya Jolly Kuriakose, Jenisa Jose, Jelin Jose എന്നിവർ കൊയറിന് നേതൃത്വം നൽകി. ആരാധനൾക്ക് വേണ്ട മറ്റു കാര്യങ്ങൾ ചെയ്യുന്നതിനായി Radoslav Radkov, Ashley Alex, Rahul Babu, Sachin Saju എന്നിവരുടെ അകമഴിഞ്ഞ സേവനങ്ങളും ഉണ്ടായിരുന്നു.

 

വി. കുർബാനക്ക് ശേഷം നടന്ന സെമിനാറിൽ ജോഷി വെട്ടിക്കാട്ടിൽ അച്ചൻ നേതൃത്വം നൽകി. ബൾഗേറിയയിൽ ആദ്യമായി പരി. യാക്കോബായ സഭക്ക് ഒരു കൂടായ്മ ഉണ്ടായതിൽ എല്ലാവരും വളരെ അധികം അഭിമാനം കൊള്ളുകയുണ്ടായി. വി. ആരാധന തങ്ങളുടെ കുട്ടിക്കാലം മുതൽ ഹൃദയത്തിൽ പതിഞ്ഞതാണെന്നും അതിനാൽ തന്നെ അത് ലഭിക്കുമ്പോൾ എന്തെന്നില്ലാത്ത ആനന്ദം ഹൃദയത്തിൽ അനുഭവിക്കുന്നു എന്ന് വിദ്യാർത്ഥികൾ അനുഭവങ്ങൾ പങ്കുവച്ചു. എല്ലാവരെയും ഒരുമിച്ചു കാണാനുള്ള അവസരമാകയാൽ ഒരു കുടുംബത്തിൻറെ അന്തരീക്ഷം തങ്ങൾ അനുഭവിക്കുന്നു, അതോടൊപ്പം പഠനത്തിൻറെ വലിയ ഭാരങ്ങളിൽക്കിടയിൽ ഒരു മാനസിക ഉന്മേഷവും ഊർജ്ജവും, വലിയ ഒരു സമൂഹം തങ്ങൾക്ക് ചുറ്റും ഉണ്ടെന്നുള്ള ഒരു ആത്മവിശ്വാസവും പകർന്നു നൽകുവാൻ ഇങ്ങനെയുള്ള കൂട്ടായ്മകൾ വളരെ അധികം സഹായകമാണെന്ന് എല്ലാവരും അഭിപ്രായങ്ങൾ പങ്കുവക്കുയുണ്ടായി. എല്ലാ മാസങ്ങളിലും മുടങ്ങാതെ കൂട്ടായ്മകളും വി. കുർബാനയും ക്രമീകരിക്കാമെന്ന തീരുമാനത്തോടെ യോഗം പര്യവസാനിച്ചു.



വർണ്ണയിലെ കത്തോലിക്കാ ദേവാലയങ്ങൾ വി. ബലി അർപ്പിക്കുന്നതിനു ഉപയോഗിക്കാൻ ഉള്ള എല്ലാ അനുമതിയും ലഭിക്കുകയുണ്ടായി. അതോടൊപ്പം ബൾഗേറിയ ഓർത്തഡോക്സ് വർണ്ണ ഡയോസിസ് മെത്രാപ്പോലിത്ത Yoan Ivo Ivanov ബിഷപ്പുമായി

നടത്തിയ കൂടികാഴ്ചയിൽ വി. കുർബ്ബാന അർപ്പിക്കുവാൻ ബൾഗേറിയൻ ഓർത്തഡോക്സ് സഭയുടെ ദേവാലയങ്ങൾ ഉപയോഗിക്കുന്നതിനു എല്ലാവിധ സൌകര്യങ്ങളും വളരെ സന്തോഷത്തോടെ മെത്രാപ്പോലിത്താ അനുവദിച്ചു നല്കുകയുണ്ടായി. ഫാ. ജോഷി വെട്ടിക്കാട്ടിൽ, എലിസ ഏലിയാസ്, മിലാൻ മാത്യു, ആൽബിൻ എബ്രഹാം, മെഫിൻ മാത്യു എന്നിവർ കൂടികാഴ്ചയിൽ പങ്കെടുത്തു.

